# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഏലംകുളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എം.പി.എം11/1711/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 06/10/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഏലംകുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഏലംകുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഏലംകുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എം.പി.എം11/1711/2023 തീയ്യതി: 06/10/2023

## മലപ്പുറം ജില്ലയിലെ ഏലംകുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ ഏലംകുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 10-11-2022 മുതൽ 11-07-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ചിത്രലേഖ കെ.കെ കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 12-07-2023 | 25-07-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 12-07-2023 | 25-07-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1.ശ്രീ.അബ്ദുൽ ഗഫൂർ സി,ഓഡിറ്റ് ഓഫീസർ
2.ശ്രീ.ഷാജഹാൻ ഖുറൈശി,അസി.ഓഡിറ്റ് ഓഫീസർ
3.ശ്രീ.യൂസഫ് പി,അസി.ഓഡിറ്റ് ഓഫീസർ
4.ശ്രീമതി.വിനീത പി.പി,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സി.സുകുമാരൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി. ജയശ്രീ എസ് | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സുനിൽകുമാർ ടി.പി | അസി.സെക്രട്ടറി | 01-04-2022 | 30-09-2022 |
| ശ്രീ. ആസിഫ് പി | അസി.സെക്രട്ടറി -ഇൻ-ചാർജ് | 01-10-2022 | 16-11-2022 |
| ശ്രീ. ഫൈസൽ ബാബു കെ | അസി.സെക്രട്ടറി -ഇൻ-ചാർജ് | 17-11-2022 | 24-11-2022 |
| ശ്രീ. അബ്ദുൽഹക്കീം എസ്.എ | അസി.സെക്രട്ടറി -ഇൻ-ചാർജ് | 25-11-2022 | 28-11-2022 |
| ശ്രീ. അരുൺലാൽ കെ.പി | അസി.സെക്രട്ടറി | 29-11-2022 | 11-12-2022 |
| ശ്രീ. വേണു വി.പി | അസി.സെക്രട്ടറി | 12-12-2022 | 31-03-2023 |
| ശ്രീമതി. സാവിത്രി പി | ഐ.സിഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ.ബൈജു.പി.സി | വി.ഇ.ഒ | 01-04-2022 | 17-09-2022 |
| ശ്രീമതി. സജിത ഒ | വി.ഇ.ഒ | 18-09-2022 | 31-03-2023 |
| ഡോ.ശ്രീജിത്ത്.കെ | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി.ജംസീറ.സി.പി | അസി.എഞ്ചിനീയർ | 01-04-2022 | 12-09-2022 |
| ശ്രീമതി.ജസീലമോൾ പി | അസി.എഞ്ചിനീയർ | 13-09-2022 | 31-03-2023 |
| ശ്രീമതി.സരള.കെ | ഹെഡ് മിസ്ട്രസ്സ് | 01-04-2022 | 31-03-2023 |
| ഡോ.മിഥുൻ.സി | മെഡിക്കൽ ഓഫീസർ (സിദ്ധ) | 01-04-2022 | 31-03-2023 |
| ഡോ.ഫൗസിയ മുസ്തഫ | മെഡിക്കൽ ഓഫീസർ (FHC) | 01-04-2022 | 05-05-2022 |
| ഡോ. ബിന്ദു ശശിധരൻ | മെഡിക്കൽ ഓഫീസർ (FHC) | 06-05-2022 | 31-03-2023 |
| ശ്രീമതി ഐശ്വര്യ മോഹനൻ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ. അബ്ദുൽ കാസിം | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീമതി ധന്യ ജി.എൽ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | റിക്കൺസിലിയേഷൻ പത്രികയും ബാങ്ക് ബുക്കും പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | സ്ഥാപന തൊഴിൽ നികുതി - ഡി.സി.ബി. സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല. | 1-1-4 |
| 6 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-5 |
| 7 | ബജറ്റ് | 1-2 |
| 8 | ധനകാര്യ വിശകലനം | 1-3 |
| 9 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-4 |
| 10 | പദ്ധതി അവലോകനം | 1-5 |
| 11 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 12 | ക്ഷേമ പദ്ധതികൾ | 1-7 |
| 13 | ക്യാഷ് പരിശോധന | 1-8 |
| 14 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 15 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 16 | വിഭവ സമാഹരണം- പൊതു അവലോകനം | 1-11 |
| 17 | നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാ**ൻ** അവശേഷിക്കുന്ന മു**ൻ**കൂറുകൾ - അവലോകനം | 1-12 |
| 18 | സർക്കാർ ഉത്തരവിന് വിരുദ്ധമായി സിഡ്കോ മുഖേന പ്രൊജക്റ്റ് നടപ്പാക്കി. | 1-13 |
| 19 | ഡെപ്പോസിറ്റ് പ്രവൃത്തി പൂർത്തീകരണ വിവരം ലഭ്യമല്ല - ചെലവ് തുക 238190രൂപ തടസ്സം ചെയ്യുന്നു. | 1-14 |
| 20 | RDO അനുമതി നൽകിയതിൽ കൂടുതൽ വിസ്തീർണ്ണത്തിലുള്ള നിർമാണത്തിന് അപേക്ഷ - തുടർ നടപടി വിവരം ലഭ്യമല്ല. | 1-15 |
| 21 | ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് -അധിക തുക നൽകി | 1-16 |
| 22 | ചെലവുകളുടെ അനുബന്ധ രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ് | 1-17 |
| 23 | പൊതുമരാമത്ത് പ്രവർത്തികൾ- അവലോകനം | 1-18 |
| 24 | പകൽ വീട് പ്രവർത്തനക്ഷമമായില്ല | 1-19 |

| | | |
|---|---|---|
| 25 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ് | 1-20 |
| 26 | സ്കൂളുകളിൽ വ്യായാമ ഉപകരണങ്ങൾ - അപാകതകൾ | 1-21 |
| 27 | ലാപ് ടോപ്പ് - സർക്കാർ നിശ്ചയിച്ച സ്പെസിഫിക്കേഷന് യോജിച്ചത് വാങ്ങിയില്ല. | 1-22 |
| 28 | ടെണ്ടർ കൂടാതെ സാധനങ്ങൾ വാങ്ങൽ - അപാകതകൾ | 1-23 |
| 29 | കായികക്ഷമത സ്ത്രീകളിലേയ്ക്ക് എന്ന പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-24 |
| 30 | മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല | 1-25 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ് )ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ് ,ധനകാര്യ കമ്മീഷൻ, മറ്റ ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ നിർദേശങ്ങളും പാലിക്കൽ നിർദേശങ്ങളും അനുസരിച്ച് ഏലംകുളം ഗ്രാമ പഞ്ചായത്ത് കമ്മിറ്റി 2(1)/27.6.2023 തീരുമാന പ്രകാരം തയ്യാറാക്കി 01.7.2023 തീയ്യതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിച്ചിട്ടുള്ള ഏലംകുളം ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റെസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് , ഇൻകം& എക്സ്പെൻറീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയ്യതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii)C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ നിർദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗനിർദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണ്ണക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ നിരീക്ഷണങ്ങൾക്ക് വിധേയമായി, ഏലംകുളം ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : മലപ്പുറം

തീയതി: 06-10-2023

ഡെപ്യൂട്ടി ഡയറക്ടർ

## 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം62(2)(എഫ്)പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തൻ വർഷത്തെ ആകെ കാഷ് ഫ്ലോയും (12815568) പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും (67643958)പൊരുത്തപ്പെടുന്നില്ല.

## 1-1-3 റിക്കൺസിലിയേഷൻ പത്രികയും ബാങ്ക് ബുക്കും പൊരുത്തപ്പെടുന്നില്ല

SBI E-payment അക്കൗണ്ട് റിക്കൺസിലിയേഷൻ പത്രികയിൽ 31.3.2023 തിയ്യതിയിൽ 9865 രൂപ ഡെബിറ്റ് ചെയ്യപ്പെട്ടിട്ടുണ്ട്.എന്നാൽ ബാങ്ക് ബുക്കിൽ പ്രസ്തുത ചെലവ് ഉൾപ്പെട്ടിട്ടില്ല.

### 1-1-4 സ്ഥാപന തൊഴിൽ നികുതി - ഡി.സി.ബി. സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല.

സ്ഥാപന തൊഴിൽ നികുതി - ഡി.സി.ബി. സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല. ആയതിനാൽ വാർഷിക കണക്ക് പ്രകാരമുള്ള ഈ ഇനത്തിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുടെ കൃത്യത ഉറപ്പാക്കുന്നതിന് സാധിച്ചിട്ടില്ല

### 1-1-5 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

മുഴുവൻ ആസ്തികളുടെയും മൂല്യം കണക്കാക്കി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

### 1-2 ബജറ്റ്

| 2022-23 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| 1(1) - 24.03.2022 | 2(1)-17.03.2023 |

### 1-3 ധനകാര്യ വിശകലനം

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 1,90,01,907 |
| വരവ് | 7,13,37,043 |
| ആകെ | 9,03,38,950 |
| ചെലവ് | 5,85,21,475 |
| നീക്കിയിരിപ്പ് | 3,18,17,475 |

### 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി (₹) | വരവ് തുക (₹) | ആകെ തുക (₹) | ചെലവ് തുക (₹) | നീക്കിബാക്കി (₹) |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 14432470 | 14432470 | 13464394 | 968076 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 7484445 | 7484445 | 7475015 | 9430 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 6084000 | 6084000 | 6084000 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 4854000 | 4854000 | 4854000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 6884787 | 6884787 | 3620601 | 3264186 |
| സെൻട്രൽ | 0 | 2820740 | 2820740 | 2766870 | 53870 |

| | | | | | |
|---|---|---|---|---|---|
| ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | | | | | |
| ബി ഫണ്ട് | 0 | 40084100 | 40084100 | 40084100 | 0 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 180 | 120458588 | 158 | 73564711 | 0 | 22 | 86% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 38982 | 643857 | 682839 | 423920 | 256616 |
| EFMS തുക(നേരിട്ട് നൽകുന്നത്) | 0 | 17186075 | 17186075 | 17186075 | 0 |
| | 38982 | 17829932 | 17868914 | 17609995 | 256616 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമ പദ്ധതികളുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 00 | 00 |
| കർഷകതൊഴിലാളി പെൻഷൻ | 3729400 | 318 |
| വിധവാ പെൻഷൻ | 11938600 | 1077 |
| വാർദ്ധക്യകാല പെൻഷൻ | 18975300 | 1809 |
| വികലാഗ പെൻഷൻ | 4149600 | 389 |
| വിവാഹ ധനസഹായം | 30000 | 1 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 1261200 | 115 |
| ആകെ | 40084100 | |

## 1-8 ക്യാഷ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.7.2023ന് 2.45 PM ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ 9780/- രൂപയുടെ നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. 12.4.2006 ലെ ജി.ഒ(പി)177/06/ധന. നമ്പർ ഉത്തരവ് ഖണ്ഡിക 18.3 പ്രകാരം ഡിപ്പാർട്ട്മെന്റൽ വരവ് ചെലവുകളും തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളിൽ നിന്നുള്ള വരവ് ചെലവുകളും ഒരേ TR-7A കാഷ് ബുക്കിൽ രേഖപ്പെടുത്തണം. തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളിൽ നിന്നുള്ള വരവ് ചെലവുകൾ പ്രത്യേകം രേഖപ്പെടുത്തുന്നതിന് Annexure B-IV മാതൃകയിൽ സബ്സിഡിയറി രജിസ്റ്റർ സൂക്ഷിക്കണം. പ്രസ്തുത നിർദ്ദേശം പൂർണ്ണമായി പാലിക്കാതെ നിർവ്വഹണോദ്യോഗസ്ഥയായ ഹെഡ് മിസ്ട്രസ്സ് തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളിൽ നിന്നുള്ള വരവ് ചെലവുകൾക്ക് മാത്രമായി ഒരു TR-7A കാഷ് ബുക്ക് ഉപയോഗിച്ചിരിക്കുന്നു. പ്രസ്തുത ഉത്തരവിലെ 26.6 നമ്പർ ഖണ്ഡിക പ്രകാരമുള്ള Annexure B-V മാതൃകയിൽ പ്രൊജക്ട് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

ഹെഡ് മിസ്ട്രസ്സ് ലാപ് ടോപ്പ് വിതരണം, സ്ലൈഡേഴ്സ്, ടെഡ് മിൽ സ്ഥാപിക്കൽ എന്നിങ്ങനെയുള്ളവ ഇംപ്ലിമെന്റ്

ചെയ്തിട്ടുണ്ട്. എന്നാൽ ഉപകരണങ്ങളുടെ വിശദാംശങ്ങളും വാറന്റി/ഗ്യാരന്റി വിവരവും രേഖപ്പെടുത്തി സ്റ്റോക്ക് ഇഷ്യു രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.1.2023 | 01.11.2022-31.12.2022 | 11.1.2023 |
| എ.ജി. ഓഡിറ്റ് | 17.12.2013-02.01.2014 | 2008-09 മുതൽ 2012-13 വരെ | 18.02.2014 |

## 1-11 വിഭവ സമാഹരണം- പൊതു അവലോകനം

ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ബജറ്റ് , ഗ്രാന്റുകളുടെ വിനിയോഗം, നികുതികളുടേയും, ഫീസുകളുടെയും തിട്ടപ്പെടുത്തൽ, അക്കൗണ്ടുകൾ മാസം തോറും ഓഡിറ്റ് ചെയ്യുക, ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി കൗൺസിലിന് മുമ്പാകെ ഹാജരാക്കുക, ചെലവഴിക്കാൻ ഉദ്ദേശിക്കുന്ന ഏതൊരു തുകക്കും ബജറ്റ് വിഹിതം വകയിരുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കുക എന്നീ പ്രവർത്തനങ്ങളാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കുന്നത്. ഏലംകുളം ഗ്രാമ പഞ്ചായത്തിൽ വൈസ് പ്രസിഡന്റ് ഉൾപ്പെടെ 5അംഗങ്ങളാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലുള്ളത്. ഓഡിറ്റ് വർഷത്തെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിറ്റ്സുകൾ പരിശോധിച്ചതിൽ 15 മീറ്റിംഗുകളാണ് കൂടിയിട്ടുള്ളത്. പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പുതിയ വിഭവസ്രോതസുകളെക്കുറിച്ചുള്ള ആലോചനകളൊന്നും കമ്മിറ്റിയിൽ നടന്നിട്ടില്ല.

06.04.2022 ന് നടന്ന ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം 2(2) ന് കുടിശിക നിവാരണത്തിനായി ക്യാമ്പ് സംഘടിപ്പിക്കാനും , അടവാക്കാത്ത മുഴുവൻ കെട്ടിട ഉടമകൾക്ക് കുടുംബശ്രീ മുഖേന ഡിമാന്റ് നോട്ടീസ് അയച്ചിട്ടുള്ളതിന്റെ ഭാഗമായി 100% കളക്ഷൻ നേടാൻ സാധിച്ചിട്ടുണ്ട്. 2022-23 വർഷത്തെ വാർഷിക കണക്കിലെ ബാലൻസ്ഷീറ്റിൽ നിന്നും ഇക്കാര്യം വ്യക്തമാണ്.

വസ്തു നികുതിയിൽ നിന്നുള്ള വരുമാനമാണ് പഞ്ചായത്തിന്റെ മുഖ്യ തനത് വരുമാനം. ഗ്രാമീണമേഖലയിൽ സ്ഥിതി ചെയ്യുന്ന ഈ പഞ്ചായത്തിൽ 8524റെസിഡൻഷ്യൽ കെട്ടിടങ്ങളും , 1906 നോൺ റെസിഡൻഷ്യൽ കെട്ടിടങ്ങളും സ്ഥിതി ചെയ്യുന്നു. 2022-23 വർഷത്തേക്കുള്ള റിവൈസ്ഡ് ബജറ്റ് പ്രകാരം വസ്തു നികുതിയിനത്തിൽ 4100000 രൂപ പ്രതീക്ഷിത വരുമാനമായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ILGMS പ്രകാരം 4029803 രൂപ കുടിശിക ഉൾപ്പെടെ ലഭിച്ചിട്ടുണ്ട്. ബജറ്റും യഥാർത്ഥ വരവുകളുമായുള്ള അന്തരം സംബന്ധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ചിട്ടില്ല.

സ.ഉ(കൈ) നം.117/2022/lsgd/01.6.2022 പ്രകാരം നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം 3 മാസത്തിലൊരിക്കൽ ഗ്രാമസഭയിൽ നടത്തേണ്ടതാണെന്നും, വായ്പയെ സംബന്ധിച്ച ഡി.സി.ബി പത്രിക തയ്യാറാക്കി ഭരണ സമിതി യോഗത്തിലും ഗ്രാമ സഭയിലും അവലോകനം നടത്തേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും അപ്രകാരം ചെയ്തതായി കാണുന്നില്ല.

08.05.2023 ലെ തീരുമാന പ്രകാരം 22.03.2023 ലെ 77/2023/LSGD ഉത്തരവ് 05.04.2023 ലെ SRO നമ്പർ 479/2023 , 02.05.2023 ലെ DD/20073/2023 REV 2 പ്രിൻസിപ്പൽ ഡയറക്ടറുടെ കത്ത് എന്നിവ കമ്മിറ്റി ചർച്ച ചെയ്ത് നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി അടുത്ത അഞ്ച് വർഷത്തേക്ക് ഓരോ വർഷവും നിലവിലുള്ള നിരക്കിന്റെ 5% വീതം 01.04.2023 തിയതി പ്രാബല്യത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. എല്ലാ തരം ഉപയോഗക്രമങ്ങളിലുമുള്ള കെട്ടിടങ്ങളും സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കി ഡാറ്റാ ലോക്ക് ചെയ്തിട്ടുണ്ട്.

2011 ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ ചട്ടം 7 ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ പ്രാഥമികം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മേഖലകൾ 08.05.2023 ലെ തീരുമാന 3(2) പ്രകാരം വിജ്ഞാപനം ചെയ്തിട്ടുണ്ട്. വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ നികുതി വർദ്ധനവ് ഇളവ് പരിശോധിക്കാൻ റോഡ് കണക്ടിവിറ്റി മാപ്പ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. 08.05.2023 ലെ തീരുമാന 3(3) പ്രകാരം ഒന്നാം തരം റോഡ്( പഞ്ചായത്തിൽ ഇത്തരം റോഡുകളില്ല), രണ്ടാം തരം റോഡുകൾ (5 മീറ്ററിൽ വീതി കൂടിയ റോഡുകൾ - 33 എണ്ണം), മൂന്നാം തരം റോഡുകൾ (5 മീറ്ററിൽ താഴെ വീതിയുള്ള റോഡുകൾ - 93 എണ്ണം) എന്നിങ്ങനെ വിജ്ഞാപനം ചെയ്തിട്ടുണ്ട്. സ.ഉ.(പി) നമ്പർ 88/2013/ത.സ്വ.ഭ.വ. തീയതി 13-03-2013 പ്രകാരം കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതി ഇളവ്/വർദ്ധനവ് (1) അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന്

പ്രവേശനം (2) അഞ്ച് മീറ്ററിൽ കുറവും ഒന്നരമീറ്ററിൽ കൂടുതലും വീതിയുള്ള വഴി സൗകര്യം (3) ഒന്നരമീറ്ററോ അതിൽ കുറവോ വീതിയുള്ള വഴി സൗകര്യം (4) പൊതുവഴി സൗകര്യം ഇല്ലാത്തത് എന്ന വിധത്തിൽ മാറ്റം വരുത്തിയതിനാൽ പഴയ ഉത്തരവ് [സ.ഉ.(അ) നമ്പർ20/2011/ത.സ്വ.ഭ.വ തീയതി 14-01-2011] പ്രകാരമുള്ള ഒന്നാംതരം റോഡ് , രണ്ടാംതരം റോഡ് എന്ന തരത്തിലുള്ള വിജ്ഞാപനം നിയമാനുസൃതമല്ല. വിജ്ഞാപനത്തിലെ അപാകത പരിഹരിക്കേണ്ടതാണ്.

06.04.2022 ന് നടന്ന ധനകാര്യ സ്റ്റാൻ്റിംഗ് കമ്മിറ്റി തീരുമാനം 2(1) ൽ പുതുക്കി പണിയുകയും എന്നാൽ പഴയ നികുതി അടവാക്കുകയും ചെയ്യുന്ന കെട്ടിടങ്ങളെ കണ്ടെത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇത്തരം അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിന് പുതിയ ഓവർസിയർമാരെ ഇൻ്റർവ്യൂ മുഖേന തിരഞ്ഞെടുത്തിട്ടുണ്ട്.

നിലവിൽ പഞ്ചായത്തിൻ്റെ ബാങ്ക് അക്കൗണ്ടിലേക്ക് പൊതുജനത്തിന് നേരിട്ട് പണമടക്കുന്നതിനായി SBI യിൽ SBI EPAYMENT (67382485254) ഓൺലൈൻ സംവിധാനമുണ്ട്. എന്നാൽ ഇത്തരം പണമിടപാടുകൾ ബാങ്ക് ബുക്കിൽ പ്രതിഫലിക്കുന്നതിന് കാലതാമസം വരുന്നുണ്ട്. IKM ഓൺലൈൻ ട്രാൻസാക്ഷൻ തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് ക്രഡിറ്റ് ചെയ്യുന്നത് വൈകുന്നതാണ് കാരണമെന്ന് അക്കൗണ്ടൻ്റ് അറിയിച്ചിട്ടുണ്ട്.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർ ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും ആക്റ്റിലെ 207 ാം വകുപ്പ് (1) ാം ഉപ വകുപ്പ് പ്രകാരം സേവന ഉപ നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിൻ്റെയും ഉടമസ്ഥനിൽ നിന്ന് പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിൻ്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം,ജലവിതരണം തെരുവ് വിളക്കുകളും ഡ്രൈനേജും എന്നിവ സംബന്ധിച്ച് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമ പഞ്ചായത്ത് നിശ്ചയിക്കുന്ന സേവവന ഉപ നികുതി ചുമത്താവുന്നതാണ്. എന്നാൽ അത്തരത്തിലുള്ള സേവന ഉപ നികുതി ഗ്രാമ പഞ്ചായത്തിൽ ചുമത്തിയതായി കാണുന്നില്ല. വിവിധ സേവനങ്ങൾക്കുള്ള സേവന ഉപനികുതി (ജലവിതരണം, ശുചിത്വ പരിപാലനം, തെരുവു വിളക്കുകൾ , ഡ്രയിനേജ്) ഈടാക്കുന്നതിന് ഭരണസമിതി തീരുമാനമെടുത്ത് നടപ്പിലാക്കാവുന്നതാണ്.

നിയമാനുസൃതമല്ലാതെ നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് ഫോറം 10 ലുള്ള രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററിൽ ' യു എ' നമ്പറിനോടൊപ്പം വർഷവും ചേർത്ത് സൂക്ഷിക്കേണ്ടതാണ്. തൻവർഷം എ എൽ പി സ്കൂൾ , ചെറുകര, സന്ദീപാനി സാധാനാലയം എന്നീ കെട്ടിടങ്ങൾ പണി പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ റെയിൽവേ ട്രാക്ക് അതിർത്തിയിൽ നിന്നും 30M പരിധിക്കകത്തായതിനാൽ റെയിൽവേ അനുമതിയില്ലാതെ നിർമ്മിച്ച കെട്ടിടങ്ങളിൽ സ്ഥാപനം പ്രവർത്തനമാരംഭിച്ചോയെന്ന് സംബന്ധിച്ച് റിപ്പോർട്ട് ചെയ്തിട്ടില്ല.പഞ്ചായത്തിൽ 8 മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നുണ്ട്. ടവറുകൾക്ക് നികുതി കുടിശികയൊന്നും തന്നെ നിലനിൽക്കുന്നില്ല.ILGMS ൽ നിന്നുള്ള Cancelled Receipt Report സഞ്ചയയിൽ (Search --→ Search Receipt No) പരിശോധിച്ച് ഉറപ്പു വരുത്തിയിട്ടുണ്ട്.

തൊഴിൽ നികുതി

07.07.2022 ലെ ധനകാര്യ സ്റ്റാൻ്റിംഗ് കമ്മിറ്റി തീരുമാനം 3 പ്രകാരം അഭിഭാഷകരിൽ നിന്നും, ഡോക്ടർമാരിൽ നിന്നും 1250 /- രൂപ വീതം രണ്ട് അർദ്ധവർഷങ്ങളുമായി തൊഴിൽ നികുതി ഈടാക്കാൻ തീരുമാനിച്ചെങ്കിലും ആയത് പിരിച്ചെടുത്തിട്ടില്ല. വ്യാപാരസ്ഥാപനങ്ങളിലെ തൊഴിലാളികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചതിൻ്റെ അടിസ്ഥാനത്തിൽ വലിയ കച്ചവടസ്ഥാപനങ്ങളിലെ ജീവനക്കാരുടെ ലിസ്റ്റ് വാർഡ് ക്ലർക്ക് മുഖേന ശേഖരിക്കുന്നതിന് തീരുമാനിച്ചു. ആയതിൻ്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതിയിൽ തൻവർഷം ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

15.11.2022 ലെ ധനകാര്യ സ്റ്റാൻ്റിംഗ് കമ്മിറ്റി തീരുമാനം 2ൽ കോൺട്രാക്ടേഴ്സിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പഞ്ചായത്ത് അസി.എൻജിനിയറുടെ 2022-23 ലെ എഗ്രിമെൻ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 10 കോൺട്രാക്ടേഴ്സ് പൊതുമരാമത്ത് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നുണ്ട്.എന്നാൽ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

04.08.2022 ലെ തീരുമാനം 3 പ്രകാരം മുഴുവൻ വ്യാപാര സ്ഥാപനങ്ങളേയും ലൈസൻസ് എടുപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധിയിലെ മുഴുവൻ വ്യാപാര സ്ഥാപനങ്ങളെയും വാർഡടിസ്ഥാനത്തിൽ ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ലാത്തതിനാൽ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോയെന്ന് ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം. 19/22.07.2023 - മറുപടി ലഭ്യമായിട്ടില്ല)

## 1-12 നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ മുൻകൂറായി തുക

ഡിപ്പോസിറ്റ് ചെയ്യുകയാണ് ചെയ്തുവരുന്നത്. സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഉപേക്ഷിക്കുകയോ, പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുമ്പോൾ ഡിപ്പോസിറ്റ് തുക പൂർണമായും, പൂർത്തീകരിച്ച പ്രവൃത്തികളിൽ വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരമുള്ള തുക കഴിച്ചുള്ള തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകുന്നതിൽ ഏജൻസികൾ വീഴ്ച്ച വരുത്തുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

12, 13 പഞ്ചവത്സരപദ്ധതി കാലയളവിൽ (2012-13 മുതൽ 2021-22വരെ) പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികൾക്ക് മുൻകൂർ നൽകിയ തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ടോ എന്ന് പരിശോധനക്ക് വിധേയമാക്കലാണ് ഈ അവലോകനത്തിന്റെ ലക്ഷ്യം. 2012-13 മുതൽ 2021-22വരെയുള്ള കാലയളവുകളിലെ ഈ വകുപ്പ് പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകൾ , പ്ലാൻ മോണിറ്ററിംഗ് സോഫ്റ്റ്‌വെയറിൽ (സുലേഖ) നിന്നുള്ള വിവരങ്ങൾ എന്നിവ അടിസ്ഥാനമാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ഓഡിറ്റ് എൻക്വയറി [എൻക്വയറി നമ്പർ 3/14.7.2023] നൽകുകയും, ആയതിന് സ്ഥാപനം ലഭ്യമാക്കിയ 24.7.2023 ലെ മറുപടി പരിശോധിക്കുകയും ചെയ്താണ് അവലോകനം തയ്യാറാക്കിയിട്ടുള്ളത്.

ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികളിൽ മുൻകൂർ ക്രമീകരിക്കാൻ അവശേഷിക്കുന്നതായി പരിശോധനയിൽ ബോധ്യപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന (1) | പ്രൊജക്റ്റ് (2) | സാമ്പത്തിക വർഷം (3) | ഏജൻസി (4) | മുൻകൂർ നൽകിയ തുക (5) | ഫണ്ട് ഇനം (6) | ചെലവഴിച്ച തുക (വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരം) (7) | ചെലവഴിക്കാൻ അവശേഷിക്കുന്ന / ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക (8) |
|---|---|---|---|---|---|---|---|
| 1 | കുഴൽ റിപ്പയർ 25 എണ്ണം | 2014-15 | ഭൂഗർഭ ജല വകുപ്പ് | 200000 | തനത് ഫണ്ട് | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 200000 |
| 2 | 163/22-വെട്ടിക്കാട്ട് പറമ്പിൽ കുടിവെള്ള പദ്ധതി | 2021-22 | KWA | 50000 | വികസന ഫണ്ട്(എസ്.സി.പി) | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 50000 |
| 3 | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 2021-22 | KSEB | 300000 | ധനകാര്യകമ്മീഷൻ ഗ്രാന്റ് | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 300000 |
| ആകെ | | | | | | | 550000 |

മേൽ പ്രവൃത്തികളിലായി 550000 /- രൂപ വിവിധ ഏജൻസികളിൽ നിക്ഷേപിച്ചതിന്റെ ക്രമീകരണ വിവരം ലഭ്യമാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതും, ക്രമീകരിക്കാൻ അവശേഷിക്കുന്നതിൽ പ്ലാൻ ഫണ്ട് വിഹിതം സർക്കാറിലേക്ക് അടവാക്കേണ്ടതുമാണ്.

## 1-13 സർക്കാർ ഉത്തരവിന് വിരുദ്ധമായി സിഡ്കോ മുഖേന പ്രൊജക്റ്റ് നടപ്പാക്കി.

പ്രൊജക്റ്റ് : പഞ്ചായത്ത് കോൺഫറൻസ് ഹാൾ അടിസ്ഥാന സൗകര്യം ഒരുക്കൽ

നം : S0032/2023

വൗച്ചർ നമ്പർ : 22200169/27-06-2022 : 4,00,000

കരാർ തിയ്യതി : 21-03-2022

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പ്രൊജക്റ്റ് പ്രകാരം ഗ്രാമപഞ്ചായത്ത് കോൺഫറൻസ് ഹാൾ അടിസ്ഥാന സൗകര്യം ഒരുക്കിയതിന്റെ തുകയായി സിഡ്കോക്ക് 4,00,000രൂപ നൽകിയിട്ടുണ്ട്. പ്രൊജക്റ്റ് നിർവ്വഹണത്തിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കാണുന്നു -

1. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 22.06.2018 ലെ GO(RT) 1696/2018/LSGD നം ഉത്തരവ് പ്രകാരം സിഡ്കോയുടെ ചെറുകിട യൂണിറ്റുകളിൽ ഉൽപ്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ വാങ്ങുന്നതിനും ഫർണിഷിംഗ് പ്രവൃത്തികൾ ഏറ്റെടുത്ത്

നടത്തുന്നതിനും സിഡ്കോയെ ഒരു നോഡൽ ഏജൻസിയായാണ് അംഗീകരിച്ചത്. തെരഞ്ഞെടുക്കപ്പെട്ട മേഖലയിലെ പ്രവർത്തനങ്ങൾ നടത്തുന്നതിനാവശ്യമായ സാങ്കേതിക സഹായം നൽകുന്ന സ്ഥാപനങ്ങളാണ് നോഡൽ ഏജൻസികൾ. അത് നേരിട്ട് ടെണ്ടർ ഇല്ലാതെ പ്രവൃത്തി നടത്തുന്നതിനുള്ള അനുമതിയല്ല

സർക്കാർ ഉത്തരവ് മുഖേന അക്രഡിറ്റഡ് ഏജൻസിയായി അംഗീകരിക്കപ്പെട്ട സ്ഥാപനങ്ങൾക്ക് മാത്രമെ ടെണ്ടർ ഇല്ലാതെ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കാനാകു. സിഡ്കോയെ അക്രഡിറ്റഡ് ഏജൻസിയായി സർക്കാർ അംഗീകരിച്ചത് GO(P) No 77/2019/Fin Dt 04.07.2019 നം ഉത്തരവ് മുഖേനയാണ്. ഈ ഉത്തരവ് പ്രകാരം സിഡ്കോക്ക് PMC ( Project Management Consultant ) എന്ന നിലക്ക് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നതിനാണ് സർക്കാർ അനുമതി നൽകിയിട്ടുള്ളത്. PMC എന്ന നിലയിൽ അംഗീകാരം ലഭിച്ച സ്ഥാപനങ്ങൾക്ക് പ്രവൃത്തി നേരിട്ട് നടപ്പാക്കുന്നതിന് അനുമതി ഇല്ല. എന്നാൽ മേൽ ഉത്തരവിന് വിരുദ്ധമായി ഫർണിഷിംഗ് പ്രവൃത്തി ടെണ്ടർ ഇല്ലാതെ സിഡ്കോ മുഖേന നേരിട്ട് നടപ്പാക്കി.

2. വാൾ പാനലിംഗ്, അലുമിനിയം ഫാബ്രിക്കേഷൻ തുടങ്ങിയ പ്രവൃത്തികൾ മേൽ പ്രൊജക്ട് പ്രകാരം ചെയ്തിട്ടുണ്ടെങ്കിലും ആയത് ക്ഷമതയുള്ള ഉദ്യോഗസ്ഥൻ വാല്യേഷൻ നടത്തിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

സാമ്പത്തിക വർഷാവസാനം ലഭിച്ച തുക ലാപ്സാവാതെ പദ്ധതി വേഗത്തിൽ നടപ്പാക്കുന്നതിന് സിഡ്കോ വഴി നടപ്പാക്കുകയാണ് ചെയ്തതെന്നും, പ്രവൃത്തികൾ ഗ്രാമപഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണ ഉദ്യോഗസ്ഥയുടെ മേൽനോട്ടത്തിലാണ് നടപ്പിലാക്കിയിട്ടുള്ളത് എന്നുമാണ് 12/20-07-2023-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയത്. പദ്ധതികൾ നടപ്പിലാക്കുമ്പോൾ സർക്കാർ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-14 ഡെപ്പോസിറ്റ് പ്രവൃത്തി പൂർത്തീകരണ വിവരം ലഭ്യമല്ല - ചെലവ് തുക 238190രൂപ തടസ്സം ചെയ്യുന്നു.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി വിവിധ പ്രവൃത്തികൾക്കായി താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ തുകകൾ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ആയവയുടെ പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല -

| ക്ര. നം. | വൗച്ചർ നം. | പ്രൊജക്ട് | തുക |
|---|---|---|---|
| 1 | 22200441/12-10-2022 | പുതുമനപ്പടി കുറ്റിക്കാട് തോട് ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗിന് KSEB പുലാമന്തോളിന് നൽകിയത് (S0152/2023) | 18190 |
| 2 | 22200791/28-02-2023 | മല്ലിശ്ശേരി അംഗൻവാടി സോളാർ പ്ലാന്റ് സ്ഥാപിക്കൽ എന്ന പദ്ധതിക്കായി (S0191/2023) അനെർട്ടിന് നൽകിയ തുക | 220000 |

14/21-07-2023-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ രേഖകൾ ലഭ്യമാക്കുന്നതാണ് എന്ന് അറിയിച്ചു. പൂർത്തീകരണ വിവരം ലഭ്യമാക്കുന്നത് വരെ ചെലവ് തുക 238190 രൂപ തടസ്സം ചെയ്യുന്നു.

## 1-15 RDO അനുമതി നൽകിയതിൽ കൂടുതൽ വിസ്തീർണ്ണത്തിലുള്ള നിർമാണത്തിന് അപേക്ഷ - തുടർ നടപടി വിവരം ലഭ്യമല്ല.

പെർമിറ്റിനായി സമർപ്പിച്ച ചുവടെ ചേർത്ത അപേക്ഷ പരിശോധിച്ചതിന്റെ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| അപേക്ഷകന്റെ പേര് | ശ്രീമതി ഹസീന ഉമ്മർ , നീരാണി |
| ഫയൽ നമ്പർ | GPO/2372/2023തീയതി- 27.02.2023 |
| സർവ്വെ നമ്പർ | 49/5-4 |
| താലൂക്ക് | പെരിന്തൽമണ്ണ |

| | |
|---|---|
| വില്ലേജ് | ഏലംകുളം |
| കെട്ടിടത്തിന്റെ ഉപയോഗക്രമം | കൊമേഴ്ഷ്യൽ കം റെസിഡൻഷ്യൽ |

ഫയലിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. മേൽ സർവ്വെ നമ്പറിൽ ഉൾപ്പെട്ട ഭൂമിയുടെ തരം 20.02.2023ലെ 75880219 നമ്പർ കൈവശാവകാശ സർട്ടിഫിക്കറ്റ് പ്രകാരം നിലം എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പെരിന്തൽമണ്ണ റവന്യൂ ഡിവിഷണൽ ഓഫീസറുടെ 17.11.2022ലെ നം. RDOPTM/380/2021-M2നമ്പർ ഉത്തരവ് പ്രകാരം ഏലംകുളം വില്ലേജിൽ ബ്ലോക്ക് നമ്പർ 6 ൽപ്പെട്ട 4.47 ആർസ് നിലം ഭൂമി തരം മാറ്റിയിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം 273.91 ചതുരശ്ര മീറ്റർ(3000 ചതുരശ്ര അടി) വിസ്തീർണമുള്ള കെട്ടിടത്തിനാണ് നിർമാണാനുമതി നൽകിയിട്ടുള്ളത്. അപേക്ഷ പ്രകാരം ഈ ഭൂമിയിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിന് 3990.43 ചതുരശ്ര അടി വിസ്തീർണ്ണമുള്ളതിനാൽ അധികം വരുന്ന 990.43 ചതുരശ്ര അടി ക്ക് 100 രൂപ നിരക്കിൽ 99043 /- രൂപ പെരിന്തൽമണ്ണ സബ് ട്രഷറിയിൽ KL020404533202223M നമ്പർ ചലാൻ പ്രകാരം 07.11.2022 തിയ്യതിയിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ അപേക്ഷകൻ 4045.5 ചതുരശ്ര അടി (375.84 $M^2$) വിസ്തീർണ്ണമുള്ള കെട്ടിട നിർമ്മാണ പെർമ്മിറ്റിനാണ് അപേക്ഷ നല്കിയിട്ടുള്ളത്. 20.03.2023 ന് കക്ഷിക്ക് നോട്ടീസ് നൽകിയെങ്കിലും 55.07 അടി അധിക നിർമ്മാണം സംബന്ധിച്ച് പരാമർശിച്ചിട്ടില്ല.

പെരിന്തൽമണ്ണ റവന്യൂ ഡിവിഷണൽ ഓഫീസറുടെ 17.11.2022ലെ നം. RDOPTM/380/2021-M2 നമ്പർ ഉത്തരവ് ക്രമ നം 6 ൽ സ്വഭാവ വ്യതിയാനം വരുത്തിയ ഭൂമിയിൽ നിർമിക്കുന്ന കെട്ടിടത്തിന്റെ തറവിസ്തീർണത്തിലുള്ള വ്യത്യാസം കാരണം സർക്കാരിലേക്ക് വല്ല തുകയും ബാക്കി വരുന്ന പക്ഷം ആയത് അടക്കുവാൻ അപേക്ഷകൻ ബാധ്യസ്ഥനായിരിക്കുമെന്നും ഇക്കാര്യം കെട്ടിട നിർമാണാനുമതി നൽകുമ്പോൾ പഞ്ചായത്ത് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണെന്നും ഉത്തരവിൽ വ്യക്തമാക്കുന്നുണ്ട്. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി-1/14.07.2023 ന് മറുപടി ലഭ്യമായില്ല. തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-16 ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് -അധിക തുക നൽകി

നിർവ്വഹണം : ഐ.സി.ഡി.എസ്.സൂപ്പർവൈസർ

പ്രോജക്ട് നം : 92/2022-23

പ്രോജക്ടിന്റെ പേര്: ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്(ജനറൽ)

| | അടങ്കൽ | ചെലവ് |
|---|---|---|
| പൊതു വിഭാഗം | 1140000 | 1076500 |
| ബ്ലോക്ക് പഞ്ചായത്ത് | 570000 | 570000 |
| ജില്ലാ പഞ്ചായത്ത് | 190000 | 190000 |
| ആകെ | 1900000 | 1836500 |

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹിച്ച മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് ലഭ്യമാക്കിയ ഫയലുകളും രജിസ്റ്ററുകളും പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.
28.05.2022ലെ ജി.ഒ.(കൈ)നം.115/2022/ത.സ്വ.ഭ.വ.നമ്പർ സർക്കാർ ഉത്തരവ് പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് -തുക 28500യായി സർക്കാർ നിശ്ചയിച്ചിട്ടുള്ളതാണ്. എന്നാൽ അഭിനവ് കൃഷ്ണ പി (അക്കൗണ്ട് നം. 40218101057810) എന്ന വിദ്യാർത്ഥിയ്ക്ക് അനുവദനീയമായതിലും അധികം തുക നൽകിയതായി കാണുന്നു. അനുവദിച്ച തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ബില്ലിന്റെ വിവരം | അനുവദിച്ച തുക |
|---|---|
| BRN No: 22151552030000805322/25-11-2022 | 6500/- |

| | |
|---|---|
| BRN No: 22151552030000919593/28-11-2022 | 15000/- |
| BRN No: 22151552030001235759/27-02-2023 | 13500/- |
| Total | 35000 രൂപ |

സ്കോളർഷിപ്പിനത്തിൽ 6500 /- രൂപ അധികം നൽകിയത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (13/21.07.2023) നൽകിയതിനെ തുടർന്ന് അധികമായി നൽകിയ 6500 /- രൂപ ക്രമീകരിച്ചിട്ടുണ്ട്. ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-17 ചെലവുകളുടെ അനുബന്ധ രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന ചെലവുകളുടെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല -

| | വൗച്ചർ/ബിൽ നമ്പർ/ തീയതി | ചെലവ് വിവരം | തുക | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|---|
| 1 | 22200152/ 09-06-2022 | KREWSന് നൽകിയ വാർഷിക വരിസംഖ്യ | 2000 | രശീതി |
| 2 | 22200378/15-09-2022 | പത്രപരസ്യം നൽകിയതിന്റെ തുക THGപബ്ലിഷിംഗ് പ്രൈവറ്റ് ലിമിറ്റഡിന് നൽകിയത് | 16622 | 15% ഡിസ്കൗണ്ട് ലഭ്യമായതിന്റെ വിവരം |
| 3 | 22200665/18-10-2022 | ലൈബ്രറിസെസ് 2022-23 ഫസ്റ്റ് ഹാഫ് സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അടവാക്കിയത് | 56570 | രശീതി |
| 4 | 22200723/01-02-2023 | തദ്ദേശദിനം 2023 ന് പ്രിൻസിപ്പൾ ഡയറക്ടർ LSGDക്ക് നൽകിയ വിഹിതം | 30,000 | രശീതി |
| 5 | 22200724/01-02-2023 | ശുചിത്വമിഷൻ അന്താരാഷ്ട്ര ടെക്നോളജിക്കൽ കോൺക്ലേവിന് നൽകിയ വിഹിതം (S0218/2023) | 25,000 | രശീതി |
| 6 | 22200905/28-03-2023 | ശ്രീ. അബ്ദുൽ ഹക്കീം, ഹെഡ്ക്ലർക്കിന്റെ ഫെസ്റ്റിവൽ അഡ്വാൻസ് തുക മാത്തൂർ ഗ്രാമപഞ്ചായത്തിന് നൽകിയത് | 12000 | രശീതി |
| 7 | 18/16-02-2023 | പ്രൊജക്ട് നം. S0204/2023<br>ഡി.പി.ആർ.സി. കെട്ടിട നിർമ്മാണം-വിഹിതം നൽകൽ പദ്ധതിക്കായി DDPക്ക് നൽകിയ തുക | 2,65,000 | രശീതി, വിനിയോഗ സാക്ഷ്യപത്രം |
| 8 | 08/11-11-2022 | പ്രൊജക്ട് നം. S0043/2023<br>ഐ.കെ.എം വിഹിതം അടവാക്കൽ | 76888 | രശീതി, വിനിയോഗ സാക്ഷ്യപത്രം |
| | | ആകെ | 484080 | |

14/21-07-2023-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ രഖകൾ ലഭ്യമാക്കുന്നതാണ് എന്ന് അറിയിച്ചു. രേഖകൾ ഹാജരാക്കുന്നത് വരെ ചെലവ് തുക 484080 തടസ്സം ചെയ്യുന്നു.

## 1-18 പൊതുമരാമത്ത് പ്രവർത്തികൾ- അവലോകനം

2022-23വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 77പ്രൊജക്ടുകളാണ് തയ്യാറാക്കിയത്. ഇതിൽ 68 പ്രൊജക്ടുകളിലായി ആകെ 17681195 രൂപ മാത്രമാണ് ചെലവഴിക്കാനായത്.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 77 | ആകെ അടങ്കൽ | 23906192 |
| നടപ്പിലാക്കിയത് | 66 | ചെലവ് | 17681195 |
| ശതമാനം | 85.71 | ചെലവ് ശതമാനം | 73.96 |

റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കണമെന്നും റോഡ് കണക്ടിവിറ്റിയോടൊപ്പം തന്നെ സ്വാഭാവിക ജല നിർഗമനം സുഗമമാക്കുന്നതിനുള്ള ഡ്രൈനേജ് പ്ലാനും തയ്യാറാക്കണമെന്ന് സ.ഉ(കൈ)നം.84/2022/ത.സ്വ.ഭ.വ തി.19/04/2022 പദ്ധതി മാർഗ്ഗരേഖയിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ ഒരു പ്രവൃത്തിയിലും ഈ നിബന്ധനകൾ പാലിച്ചതായി കണ്ടില്ല. റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കുകയും, പ്രസ്തുത രേഖകളും സ്റ്റാറ്റസ് റിപ്പോർട്ടും അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ മാത്രം പ്രൊജക്ടുകൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതും ആയത് പ്രകാരമാണ് പദ്ധതികൾ രൂപീകരിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

ആസ്തി രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയില്ല.

മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപോഗപ്പെടുത്തി തദ്ദേശസ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽ നോട്ടത്തിലുമുള്ള റോഡ്,റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും,അംഗീകൃത ഏജൻസികളെ ഉപയോഗിച്ച് ജി.ഐ.എസ് സങ്കേതങ്ങൾ ഉപയോഗപ്പെടുത്തി ആസ്തികളുടെ ഡിജിറ്റൈസേഷൻ നടത്തി ആസ്തി രജിസ്റ്റർ കുറ്റമറ്റതും കാലികവും ആക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്.എന്നാൽ അപ്രകാരം ആസ്തിരജിസ്റ്റർ തയ്യാറാക്കിയത് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

ടെണ്ടർ നടപടികൾ സുതാര്യമല്ല .

2022-23 വർഷത്തിൽ അംഗീകാരം ലഭിച്ച മുഴുവൻ മരാമത്ത് പ്രവൃത്തികളും ടെണ്ടർ മുഖേനയാണ് നടത്തിയത്. അഞ്ച് ലക്ഷവും അതിന് മുകളിലും അടങ്കലുള്ള പ്രവൃത്തികൾ ഇ-ടെണ്ടർ മുഖേനയും ബാക്കിയുള്ളവ മാന്വൽ ടെണ്ടറും ആയാണ് പ്രവൃത്തികൾ ടെണ്ടർ ചെയ്തത്.മാന്വൽ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത ഭൂരിഭാഗം പ്രവൃത്തികളിൽ എല്ലാം രണ്ട് കരാറുകാർ മാത്രമാണ് ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്. രണ്ട് ടെണ്ടർ സമർപ്പിക്കപ്പെട്ടതിൽ എല്ലാ പ്രവൃത്തികളിലും ഒന്നിൽ എസ്റ്റിമേറ്റ് നിരക്കും/ രണ്ടാമത്തേത് എസ്റ്റിമേറ്റ് നിരക്കിനെക്കാൾ ഉയർന്ന നിരക്കും ക്വാട്ട് ചെയ്ത എല്ലാ പ്രവൃത്തികളും എസ്റ്റിമേറ്റ് നിരക്കിന് കരാർ ചമക്കുകയുമാണ് ചെയ്തിരിക്കുന്നത്. 2022-23 വർഷത്തിൽ ആകെ പത്തിതിലധികം കരാറുകാർ പഞ്ചായത്തിലെ വിവിധ പ്രവൃത്തികൾക്കായി ടെണ്ടർ സമർപ്പിച്ചിട്ടുണ്ട് എന്നിട്ടും ഭൂരിപക്ഷം പ്രവൃത്തികൾക്കും രണ്ട് കരാറുകാരുടെ ടെണ്ടർ മാത്രമാണ് പഞ്ചായത്തിന് ലഭിച്ചിട്ടുള്ളത്.

പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം

2022-23 വർഷത്തിൽ 17.05.2022,14.06.2022 ലായി ആകെ 2 തവണയാണ് പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് യോഗം ചേർന്നിട്ടുള്ളത്

മോണിട്ടറിംഗ്

സ.ഉ(കൈ)നം.84/2022/ത.സ്വ.ഭ.വ തി.19/04/2022 പദ്ധതി മാർഗ്ഗ രേഖ പ്രകാരം പ്രൊജക്ട് മോണിട്ടറിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണെന്നും മോണിട്ടറിംഗ് കമ്മിറ്റി യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്. കൂടാതെ പൊതുമരാമത്ത് പ്രവർത്തികൾക്ക് നിലവിലുള്ള പ്രാദേശിക മോണിട്ടറിംഗ് സംവിധാനത്തിന് പുറമെ പൊതുമരാമത്ത് മാന്വൽ അനുശാസിക്കും വിധം മോണിട്ടറിംഗ് സംവിധാനം കൂടി നടപ്പിലാക്കണമെന്നും തുടക്കമെന്ന നിലയിൽ ആകെ പ്രൊജക്ടുകളുടെ ഒരു ശതമാനം പ്രൊജക്ടുകളെങ്കിലും റാൻഡം രീതിയിൽ തെരഞ്ഞെടുത്ത് പൊതുമരാമത്ത് മാന്വൽ നിഷ്കർഷിക്കുന്ന പ്രകാരമുള്ള ഗുണ നിലവാരമുള്ള പരിശോധനക്ക് വിധേയമാക്കണമെന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്.എന്നാൽ അപ്രകാരം ചെയ്തതിന്റെ രേഖകൾ ലഭ്യമല്ല.

സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധനക്ക് ലഭ്യമാക്കിയില്ല

തദ്ദേശസ്ഥാപനങ്ങളുടെ പതിനാലാം പഞ്ചവൽസര പദ്ധതി രൂപവത്കരണത്തിന് മുന്നോടിയായി സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിനും വികസന രേഖ പരിഷ്കരിക്കുന്നതിനുമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ 26.11.2021 ലെ സ.ഉ(കൈ) നം.275/2021/ത.സ്വ.ഭ.വ പ്രകാരം നൽകിയിട്ടുണ്ട്.അപ്രകാരം തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരമാണ് പ്രൊജക്ട് നിർദ്ദേശങ്ങൾ നൽകേണ്ടത്.എന്നാൽ സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധനക്ക് ലഭ്യമാക്കാത്തതിനാൽ ഓഡിറ്റ് വർഷം തയ്യാറാക്കിയ പ്രൊജക്ടുകൾ സംബന്ധിച്ച പരിശോധന പൂർണ്ണ തോതിൽ നടത്താനായിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം.16/22-07-2023)നൽകിയതിന് അപാകത പരിഹരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

## 1-19 പകൽ വീട് പ്രവർത്തനക്ഷമമായില്ല

വയോജന ക്ഷേമം ലക്ഷ്യമാക്കി പകൽ വീട് ഉണ്ടാക്കുന്നതിനായി 2020-21 ൽ 491052 രൂപ (ധനകാര്യ കമ്മീഷൻ

ഗ്രാന്റ്)ചെലവഴിച്ച് നിർമ്മാണം പൂർത്തീകരിക്കുകയും 2022-23 -ൽ 394672 രൂപ(51001 (MG-NR) 273999(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)69672/-രൂപ (തനത് ഫണ്ട്) എന്നിവ ചെലവഴിച്ച് ചുറ്റുമതിൽ പണി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.ഓഡിറ്റിന്റെ ഭാഗമായി നടത്തിയസ്ഥല പരിശോധനയിൽ എല്ലാ പ്രവർത്തിയും കഴിഞ്ഞ പ്രസ്തുത കെട്ടിടം നാളിതുവരെ വയോജനങ്ങൾക്ക് തുറന്ന് കൊടുത്ത് പ്രവർത്തനക്ഷമമാക്കിയതായി കാണുന്നില്ല. 9 ലക്ഷത്തോളം രൂപ ചെലവഴിച്ച് നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടം വയോജനങ്ങൾക്ക് തുറന്ന് കൊടുക്കാത്തത് പ്രൊജക്ടിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾക്ക് വിരുദ്ധമാണ്.കെട്ടിടം ഉപയോഗപ്രദമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 16/22-7-2023 നൽകിയതിന് മറുപടി ലഭിച്ചിട്ടില്ല).

## 1-20 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്

കേരള ഫിനാൻസ് കോഡ് ആർട്ടിക്കിൾ 56 (ബി) പ്രകാരം മൂന്ന് വർഷം കഴിഞ്ഞ ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതായിരുന്നു. എന്നാൽ താഴെ കാണിച്ചിട്ടുള്ള കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ നാളിതുവരെ പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടിയിട്ടില്ല.

| വർഷം | ഇനം | തുക |
|---|---|---|
| 2016-17 | Bidders EMD | 900 |
| 2017-18 | Bidders EMD | 15100 |
| 2018-19 | Supplier's Security Deposit | 29200 |
| 2018-19 | Supplier's EMD | 15900 |
| 2019-20 | Contractors Security Deposit | 10900 |
| 2019-20 | Supplier's EMD | 11200 |

കാലഹരണപ്പെട്ട ഫണ്ടുകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടാൻ നടപടി സ്വീകരിക്കുന്നതാണ് എന്ന് 20/24-07-2023 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കി.

## 1-21 സ്കൂളുകളിൽ വ്യായാമ ഉപകരണങ്ങൾ - അപാകതകൾ

ഹെഡ് മിസ്ട്രസ്സ് നിർവഹണോദ്യോഗസ്ഥയായി നപ്പാക്കിയ S0146/23 , സ്കൂളുകളിൽ വ്യായാമ ഉപകരണങ്ങൾ എന്ന പ്രൊജക്ട് പ്രകാരം S&S എക്യുപ്മെന്റ് ഇൻഡസ്ട്രീസ് അരീക്കോടിൽ നിന്നും [ഇൻവോയ്സുകൾ 6/21.2.23(206150/-), 8/21.3.23(54,000)] 9 സ്ലൈഡറുകൾ വാങ്ങി സ്കൂളുകളിൽ സ്ഥാപിച്ചിട്ടുണ്ട്.

BR നം: 22151552028901341839/14.3.23 : 2,06,150/-

22151552028901528741/28.3.23 : 53850/-

ആകെ : 2,60,000 (വികസന ഫണ്ട്.)

സ്ലൈഡറുകൾ സ്ഥാപിച്ച സ്കൂളുകളുടെ വിവരം താഴെ കൊടുക്കുന്നു.

1. ഗവ.എൽ.പി.സ്കൂൾ, കുന്നക്കാവ്
2. ഗവ.എൽ.പി.സ്കൂൾ, പാറക്കൽമുക്ക്
3. എ.എം.എൽ.പി.സ്കൂൾ, ചെറുകര
4. വി.ആർ.യു.പി.സ്കൂൾ, മുതുകുർശി
5. എ.എൽ.പി.സ്കൂൾ, ഏലംകുളം സൗത്ത്
6. എ.എൽ.പി.സ്കൂൾ, ഏലംകുളം
7. എ.എൽ.പി.സ്കൂൾ, പാലത്തോൾ
8. എ.യു.പി.സ്കൂൾ, ചെറുകര
9. എ.യു.പി.സ്കൂൾ, പാലത്തോൾ

അപാകതകൾ:-

1. വിതരണം ചെയ്തവയിൽ ക്രമ നമ്പർ 1,2,എന്നീ സ്കൂളുകൾ മാത്രമാണ് പഞ്ചായത്തിന് വിട്ടു കിട്ടിയ സ്ഥാപനങ്ങൾ. പഞ്ചായത്തിന് വിട്ടു കിട്ടാത്ത സ്കൂളുകളിൽ പ്രൊജക്ട് പ്രകാരമുള്ള ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് അനുമതി നൽകുന്ന സർക്കാർ ഉത്തരവ് ലഭ്യമാക്കിയിട്ടില്ല.

പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 8.6.(11) പ്രകാരം കുടി വെള്ളം,ശുചിത്വ സൗകര്യം എന്നിവ മാത്രം എയ്ഡഡ് സ്കൂളുകളിലും നൽകുന്നതിന് നിബന്ധനകളോടെ അനുമതി നൽകുന്നുണ്ടെങ്കിലും സ്ലൈഡറുകൾ പോലെയുള്ള ഉപകരണങ്ങൾ നൽകുന്നതിന് പ്രസ്തുത മാർഗ്ഗരേഖയിൽ അനുമതിയില്ലാത്തതാണ്.

2. ലഭ്യമായ 4 ടെണ്ടറുകളിൽ ASIM ഡിസൈനേഴ്സ് &ഇന്റീരിയേഴ്സ് ഓഫർ ചെയ്തത് FRP മെറ്റീരിയലോടു കൂടിയതാണ്. വില 15,300 രൂപ . എന്നാൽ S&S എക്യുപ്മെന്റ് ഇൻഡസ്ട്രീസ് അരീക്കോടിന്റെ 29,450 രൂപ വിലയുള്ളത് FRP മെറ്റീരിയലോടു കൂടിയതും വലിപ്പം കൂടിയതുമാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ സ്വന്തം നിലയിൽ ഗുണനിലവാര പരിശോധന നടത്തി ഭരണസമിതിയുടെ അനുമതി വാങ്ങിയതായി കാണുന്നു. പ്രൊക്യൂർമെന്റ് മാന്വൽ /സ്റ്റോർ പർച്ചേസ് മാന്വൽ നടപടികൾ പാലിച്ച് സാമ്പിളുകൾ പരിശോധിച്ച സാങ്കേതിക വിദഗ്ദരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനമെടുത്ത് വാങ്ങൽ നടത്തിയ രേഖകൾ ഫയലിനോടൊപ്പം ഹാജരാക്കിയിട്ടില്ല.

മേൽ പരാമർശങ്ങൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതിന് നൽകിയ ഓഡിറ്റ് എൻക്വയറി(നം.06/19.7.23)ക്ക് ലഭ്യമാക്കിയ മറുപടിയിൽ എയ്ഡഡ് സ്കൂളുകളിലാണെങ്കിലും പിന്നാക്ക വിഭാഗങ്ങളിൽ നിന്നുള്ള കുട്ടികളാണ് പഠിക്കുന്നതെന്നും ഗ്രാമ പഞ്ചായത്തിലെ വിദ്യാർത്ഥികൾക്കെല്ലാം പ്രൊജക്ട് പ്രകാരമുള്ള പ്രയോജനം ലഭിക്കണമെന്ന ലക്ഷ്യത്തിന്റെ അടിസ്ഥാനത്തിലും മാർഗ്ഗരേഖ പ്രകാരം തടസ്സമില്ലാത്തതാണെന്ന വിശ്വാസത്തിലുമാണ് പദ്ധതി നടപ്പിലാക്കിയതെന്നും തുടർന്ന് അപാകത വരാതെ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചു. പ്രൊക്യൂർമെന്റ് കമ്മിറ്റി കൂടി തീരുമാനമെടുത്താണ് ഫ്രെയിമുകൾക്ക് കൂടുതൽ ബലമുള്ള S&S എക്യുപ്മെന്റ് ഇൻഡസ്ട്രീസ് വിതരണം ചെയ്ത സ്ലൈഡർ വാങ്ങിയതെന്ന് അറിയിച്ചുവെങ്കിലും പ്രസ്തുത തീരുമാന രേഖകളൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

വാങ്ങൽ നടപടികളുടെ ബന്ധപ്പെട്ട രേഖകൾ സഹിതവും പദ്ധതി/ സബ്സിഡി മാർഗ്ഗ രേഖകളുടെ വ്യതിയാനങ്ങൾ സാധൂകരിക്കുന്നതിന് അനുമതി നൽകുന്ന ഉത്തരവുകൾ സഹിതവും വസ്തുനിഷ്ഠമായ മറുപടി ലഭ്യമാക്കുന്നതുവരെ 2,60,000 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 1-22 ലാപ് ടോപ്പ് - സർക്കാർ നിശ്ചയിച്ച സ്പെസിഫിക്കേഷന് യോജിച്ചത് വാങ്ങിയില്ല.

ഹെഡ് മിസ്ട്രസ്സ് നിർവഹണോദ്യോഗസ്ഥയായി നടപ്പാക്കിയ S0105/23 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം പ്രൊജക്ട് പ്രകാരം 14 വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങി നൽകിയിട്ടുണ്ട്.

ബിൽ നം (ACR):142/7.12.22 : 4,98,498/- (SCP)

KELTRON Invoice No: ITP/16066/22-23 / 28.2.23 പ്രകാരം HP യുടെ AMD Ryzen3 5300 Ubuntu ലാപ് ടോപ്പാണ് വാങ്ങി നൽകിയിട്ടുള്ളത്.

പ്രൊജക്ട് നടപ്പാക്കിയതിൽ താഴെ കൊടുത്ത അപാകതകൾ കാണുന്നു:-

1) 18.3.2019ലെ സർക്കുലർ നം. ഐ.ടി സെൽ-1/26/2019/വി.സ.വ; 22.08.2019 ലെ ജി.ഒ(പി)നം.10/2019/എസ്.പി.ഡി നമ്പർ സർക്കാർ ഉത്തരവ്; 21.10.2019 ലെ സർക്കുലർ നം. ഐ.ടി സെൽ-1/106/2019/വി.സ.വ. എന്നിവ പ്രകാരം കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും കേരള സർക്കാരിന്റെ ഓൺലൈൻ പ്ലാറ്റ്ഫോമായ CPRCS പോർട്ടൽ മുഖേന മാത്രം വാങ്ങേണ്ടതാണെന്ന് നിഷ്കർശിച്ചിട്ടുള്ളതാണ്. എന്നാൽ പ്രൊജക്ട് പ്രകാരം വിഭാവനം ചെയ്തത് അക്രഡിറ്റഡ് ഏജൻസിയിൽ നിന്ന് വാങ്ങുന്നതിനും വാങ്ങിയത് KELTRON ൽ നിന്നുമാണ്. KELTRON മുതലായവയിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങുന്ന ഉത്പന്നങ്ങൾ പ്രസ്തുത സ്ഥാപനങ്ങൾ ഉത്പാദിപ്പിക്കുന്നവയാകണമെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നതാണ്. പ്രസ്തുത സർക്കാർ നിർദ്ദേശങ്ങളൊന്നും പരിഗണിക്കാതെയാണ് HP കമ്പനിയുടെ ലാപ് ടോപ്പ് വാങ്ങിയിരിക്കുന്നത്.

2) 28.5.2022ലെ സ.ഉ(കൈ)നം 115/2022/തസ്വഭവ നമ്പർ സബ്സിഡി മാർഗ്ഗരേഖയിൽ അനുബന്ധമായി വിദ്യാർത്ഥികൾക്ക് നൽകുന്ന ലാപ് ടോപ്പിന്റെ സ്പെസിഫിക്കേഷൻ നൽകിയിട്ടുണ്ട്. ആയത് പ്രകാരം ലാപ് ടോപ്പിന്റെ ഹാർഡ് ഡിസ്ക്ഡ്രൈവ് 512GB SSDആയിരിക്കണം. വിതരണം ചെയ്തവ 256GBയാണ്.

3) ഇൻവോയ്സ് പ്രകാരം ഒപ്റ്റിക്കൽ സ്ക്രോൾ മൗസ് , ഹെഡ് ഫോൺ/ മൈക്രോഫോൺ കോംബോ ഓർ സെപ്പറേറ്റ് എന്നിവ ഉൾപ്പെടുന്നു. എന്നാൽ ശ്രീ.സ്മിജിത്ത്, S/o സുന്ദരൻ മഞ്ചേരിപ്പുരക്കൽ എന്ന ഗുണഭോക്താവിന് നൽകിയ ലാപ് ടോപ്പ് കിറ്റ് ഫിസിക്കൽ വേരിഫിക്കേഷൻ നടത്തിയതിൽ പ്രസ്തുത ഉപകരണങ്ങൾ ഗുണഭോക്താവിന് ലഭിച്ചിട്ടില്ലെന്നറിയിച്ചു.

അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതിന് നൽകിയ എൻക്വയറി (നം. 7/19.7.23)ക്ക് ലഭ്യമാക്കിയ മറുപടിയിൽ CPRCS പോർട്ടൽ മുഖേനയാണ് വാങ്ങിയത് എന്നും 512GB SSD ലാപ് ടോപ്പ് ലഭ്യമല്ലാത്തത് കൊണ്ടാണ് 256 GB SSD ലാപ് ടോപ്പ് വാങ്ങിയതെന്നും അറിയിച്ചു. ആയത് സംബന്ധിച്ച സാക്ഷ്യപത്രങ്ങളും സർക്കാർ അനുമതിയും ഹാജരാക്കിയിട്ടില്ല. സർക്കാർ വ്യക്തമായി നിർദ്ദേശിച്ച സ്പെസിഫിക്കേഷനോട് കൂടിയ ലാപ് ടോപ്പ് വാങ്ങി നൽകാതിരുന്നത് സംബന്ധിച്ച സാധൂകരണ പത്രം ലഭ്യമാക്കുന്നതുവരെ ചെലവ് തുക 4,98,498/- തടസ്സം ചെയ്യുന്നു.

## 1-23 ടെണ്ടർ കൂടാതെ സാധനങ്ങൾ വാങ്ങൽ - അപാകതകൾ

ഹെഡ് മിസ്ട്രസ്സ് നിർവഹണോദ്യോഗസ്ഥയായി നപ്പാക്കിയ S0085/23 പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശ,കസേര വാങ്ങൽ; S0143/23 വായന വളരട്ടെ(വായനശാലകൾക്ക് ഫർണ്ണീച്ചർ)എന്നീ പ്രൊജക്ടുകൾ ടെണ്ടർ നടപടികൾ പാലിക്കാതെ SIDCO മുഖേനയാണ് നടപ്പാക്കിയത്.

പ്രൊജക്ടുകളുടെ വിശദ വിവരം താഴെ കൊടുക്കുന്നു.

| പ്രൊജക്ട് | ബിൽ നം./തീയതി/തുക | ഫണ്ട് | സാധനങ്ങളുടെ വിതരണം |
|---|---|---|---|
| S0085/23 പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശ, കസേര വാങ്ങൽ | 22151552028900884915/ 07.12.2022: 1,99,920/- | വികസന ഫണ്ട് (എസ്.സി.പി) | SIDCO [Invoice: MJRI/22-23/102/ 26.11.22 :199920 (40 Nos) ; MJRI/22-23/187/ 01.02.23: 19992(4 Nos)] |
| | 22151552028901224472/ 22.02.2023: 19,992/- | | |
| S0143/23 വായന വളരട്ടെ (വായനശാലകൾക്ക് ഫർണ്ണീച്ചർ) | 22151552028901129896/ 02.02.2023: 99,745/- | വികസന ഫണ്ട് (ജനറൽ) | SIDCO [Invoice: MJRI/22-23/157/ 18.1.23: 99745] |
| ആകെ | 3,19,657 രൂപ | | |

സ്റ്റോർ പർച്ചേസ് ചട്ടങ്ങളിൽ (ചട്ടം 9.23) ഇളവ് നൽകി SIDCOയിൽ നിന്ന് നേരിട്ട് വാങ്ങാവുന്ന സാധനങ്ങളും സേവനങ്ങളും വ്യക്തമാക്കിയും അതിന് നൽകാവുന്ന നിരക്ക് അംഗീകരിച്ചും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചതാണ്. (സ.ഉ.(സാധാ)നം.97/2022/എസ്.പി.ഡി. തിയ്യതി.23.12.2022) . ഈ ഉത്തരവ് പുറപ്പെടുവിക്കുന്നതു വരെ 28.05.2015 ലെ GO(Rt)26/2015/SPD നമ്പർ ഉത്തരവ് പ്രകാരമുള്ള ഇനങ്ങൾ അതിലെ വിലക്കനുസരിച്ച് വാങ്ങുന്നതിന് യഥാ കാലം ഉത്തരവുകൾ പുതുക്കി പുറപ്പെടുവിച്ചിരുന്നതുമാണ്.

പ്രസ്തുത ഉത്തരവിൽ ടെണ്ടർ കൂടാതെ വിതരണം ചെയ്യുന്നതിന് അനുവദിക്കപ്പെട്ട സാധനങ്ങളുടെ സ്പെസിഫിക്കേഷനും വിലയും വ്യക്തമാക്കി അനുബന്ധമായി നൽകിയിട്ടുണ്ട്. അനുബന്ധത്തിൽ പട്ടികപ്പെടുത്തിയ ഇനം സാധനങ്ങൾ അവയ്ക്ക് ഉത്തരവിൽ കാണിച്ചിട്ടുള്ള വിലയിൽ കൂടുതലാകാതെ വിതരണം ചെയ്യുന്നതിനാണ് സർക്കാർ SIDCOയ്ക്ക് അനുമതി നൽകിയിട്ടുള്ളത്. സർക്കാർ പ്രത്യേകം അനുമതി നൽകാതെ ഒരു സാധനവും SIDCOയിൽ നിന്ന് ടെണ്ടർ നടപടികൾ കൂടാതെ നേരിട്ട് വാങ്ങാൻ പാടില്ല എന്നും ഈ ഉത്തരവിൽ വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്.

ഇൻവോയ്സുകൾ പ്രകാരം വാങ്ങിയ സാധനങ്ങളുടെ സ്പെസിഫിക്കേഷനും വിലയും (നികുതി കൂടാതെ) താഴെ കൊടുക്കുന്നു.

| പ്രൊജക്ട് നം. | ഇനം | സ്പെസിഫിക്കേഷനും | വില |
|---|---|---|---|
| S0085/23 | Steel Study Table | With Cupboard With Inner Shelf 18mm Partical Board Top Size 90x60x75cm | 3,317 |
| | Steel Armless Chair | With Cushion Seat | 917.80 |

| | | | |
|---|---|---|---|
| SO143/23 | Prelaminated Board Table | 120x60x75 Cm- Two Drawer And Two Cupboard | 6,646/- |
| | Steel Cabinet | With Glass Door-200x90x48 Cm Powder Coat Finishing | 11,873 |

പ്രസ്തുത ഇനങ്ങൾ സ.ഉ.(സാധാ)നം.97/2022/എസ്.പി.ഡി. തിയ്യതി.23.12.2022 ഉത്തരവ്, 28.05.2015 ലെ GO(Rt)26/2015/SPD നമ്പർ ഉത്തരവ് എന്നിവയിലെ അനുബന്ധത്തിൽ ഉൾപ്പെട്ടതായി കാണുന്നില്ല. ക്രമ നമ്പർ മാർക്ക് ചെയ്ത് ഫയലിൽ പ്രസ്തുത ഉത്തരവ് ചേർത്ത് വെച്ചിട്ടില്ല. GEM ൽ നിന്ന് പർച്ചേസ് ചെയ്യുന്നതിന് പകരം സർക്കാർ ഉത്തരവിൽ ഉൾപ്പെടാത്ത ഇനം സാധനങ്ങൾ SIDCOയിൽ നിന്ന് നേരിട്ട് വാങ്ങിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതിന് നൽകിയ എൻക്വയറി (നം.08/ 19.7.2023)ക്ക് പ്രസ്തുത ഉത്തരവ് ശ്രദ്ധയിൽ വന്നിരുന്നില്ലെന്നും സർക്കാർ ഏജൻസി ആയതിനാൽ നേരിട്ട് വാങ്ങിയതാണെന്നും വരും വർഷങ്ങളിൽ ശ്രദ്ധിക്കുന്നതാണെന്നും മറുപടിയായി അറിയിച്ചു.

സർക്കാർ ഉത്തരവ് അനുസരിച്ച് തുടർ വർഷങ്ങളിൽ GEM ൽ നിന്ന് പർച്ചേസ് ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-24 കായികക്ഷമത സ്ത്രീകളിലേയ്ക്ക് എന്ന പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

ഹെഡ് മിസ്ട്രസ്സ് നിർവഹണോദ്യോഗസ്ഥയായി നടപ്പാക്കിയ SO148/23 , കായികക്ഷമത സ്ത്രീകളിലേയ്ക്ക് എന്ന പ്രൊജക്ട് പ്രകാരം ഏലംകുളം കുടുംബാരോഗ്യ കേന്ദ്രത്തിൽ ഒരു ട്രെഡ് മിൽ സ്ഥാപിച്ചിട്ടുണ്ട്.

BR നം: 22151552028901304787/ 7.3.23 : 49,164/- വികസനഫണ്ട്.

അപാകതകൾ:-

1. കിടത്തി ചികിത്സയില്ലാത്ത കുടുംബാരോഗ്യ കേന്ദ്രത്തിൽ ട്രെഡ് മിൽ സ്ഥാപിച്ചതു കൊണ്ട് ഗ്രാമ പഞ്ചായത്തിലെ സ്ത്രീകൾക്ക് കായികക്ഷമത നേടുന്നതിന് ആയത് എപ്രകാരം പ്രയോജനപ്പെടുമെന്ന് വ്യക്തമാക്കുകയോ പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കി ഫയലിൽ ചേർത്ത് വെക്കുകയോ ചെയ്തിട്ടില്ല.

2. ലഭ്യമായ 4 ടെണ്ടറുകളിൽ 22495 രൂപ മുതൽ 68899 രൂപ വരെ വിലയുള്ള 9 തരം ട്രെഡ് മില്ലുകളുടെ ഓഫർ ലഭിച്ചിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥ സ്വന്തം നിലയിൽ ഗുണനിലവാര പരിശോധന നടത്തി സഫാരി ചട്ടിപ്പറമ്പിന്റെ 49164 രൂപ വിലയുള്ള ട്രെഡ് മിൽ വാങ്ങുന്നതിന് ഭരണസമിതിയുടെ അനുമതി വാങ്ങിയതായി കാണുന്നു. പ്രൊക്യൂർമെന്റ് മാന്വൽ /സ്റ്റോർ പർച്ചേസ് മാന്വൽ നടപടികൾ പാലിച്ച് സാമ്പിളുകൾ പരിശോധിച്ച സാങ്കേതിക വിദഗ്ധരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനമെടുത്ത് വാങ്ങൽ നടത്തിയ രേഖകൾ ഫയലിനോടൊപ്പം ഹാജരാക്കിയിട്ടില്ല.

മേൽ പരാമർശങ്ങൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതിന് നൽകിയ ഓഡിറ്റ് എൻക്വയറി(നം.09/19.7.23)ക്ക് ലഭ്യമാക്കിയ മറുപടിയിൽ പ്രൊക്യൂർമെന്റ് കമ്മിറ്റി കൂടി തീരുമാനമെടുത്താണ് വാങ്ങിയതെന്ന് അറിയിച്ചുവെങ്കിലും പ്രസ്തുത തീരുമാന രേഖകളൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. സ്ഥല സൗകര്യമുള്ളതു കൊണ്ടും തുടർ വർഷങ്ങളിൽ കൂടുതൽ ഉപകരണങ്ങൾ സ്ഥാപിച്ച്

ഓപ്പൺ ജിം ആയി രൂപപ്പെടുത്തുന്നതിനാണ് ലക്ഷ്യമെന്നും മറുപടി ലഭ്യമാക്കി. എക്സിറ്റ് മീറ്റിംഗിൽ ഭരണസമിതിയും പ്രസ്തുത കാര്യം ഉറപ്പാക്കിയിട്ടുണ്ട്.

വാങ്ങൽ നടപടികൾ സംബന്ധിച്ച ചട്ടങ്ങൾ കൃത്യമായി പാലിക്കേണ്ടതും ഓപ്പൺ ജിം സ്ഥാപിച്ച് വിവരം ലഭ്യമാക്കേണ്ടതുമാണ്.

## 1-25 മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല

പി.എച്ച്.സിയിലേയ്ക്കും പരിരക്ഷ പദ്ധതിക്കുമായി കെ.എം.എസ്.സി.എല്ലിൽ നിന്ന് മരുന്ന് വാങ്ങുന്നതിന് അവരുടെ പ്രൊഫോർമ ഇൻവോയ്സുകൾ പ്രകാരം പണം ഒടുക്കിയെങ്കിലും മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല. വിവരം താഴെ കൊടുക്കുന്നു.

| പ്രോജക്ട് | ബിൽ നം. | പ്രൊഫോർമ ഇൻവോയ്സ് നം. | തുക | ആകെ ലഭിച്ച മരുന്നുകളുടെ വില | ശേഷിക്കുന്ന മരുന്നുകളുടെ വില |
|---|---|---|---|---|---|
| SO02/23 എഫ്. എച്ച്.സി | 22151552028601093994/ 27.01.23 | PRF3001/ 15.12.22 | 699945 | 362560 [Inv:11504/5.7.23,1404 /28.4.23, | 337385 |

| | | | | | |
|---|---|---|---|---|---|
| യിലേയ്ക്ക് മരുന്ന് വാങ്ങൽ | | | | 6991/1.6.23, 9925/19.6.23 27129/ 16.3.23, 27248/ 20.3.23, 27619/ 24.3.23, 27747/ 27.3.23, 27936/ 28.3.23, 971/ 18.4.23, 1103/ 19.4.23, 2201/ 6.5.23, 24860/ 14.2.23, 24875/ 14.2.23] | |
| SO008/23 പരിരക്ഷ | 2215155202860134893/ 17.3.23 | PRF5106/ 09.3.23 | 150000 | 42440 [9904/19.6.23, 6706/30.5.23,] | 107560 |
| | 22151552028601384914/ 17.3.23 | PRF5072/ 08.3.23 | 149977 | 68275 [1590/4.5.23, 471/5.4.23, 7025/1.6.23, 10513/24.6.23, 12662/13.7.23] | 81702 |
| ആകെ | | | 999922 | 473275 | 526647 |

പ്രൊഫോർമ ഇൻവോയ്സ് പ്രകാരമുള്ള തുക മുൻകൂറായി ഒടുക്കുന്നതിനാൽ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനുമായി ചമയ്ക്കുന്ന കരാർ പ്രകാരമുള്ള സമയപരിധിക്കകം തന്നെ മരുന്നുകൾ ലഭ്യമാക്കുന്നു എന്ന് ഉറപ്പാക്കേണ്ടതുണ്ട്. ഓഡിറ്റ് എൻക്വയറി (നമ്പർ 17/22-07-2023) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

അവശേഷിക്കുന്ന മരുന്നുകൾ കൂടി ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 2022-23 വാർഷിക ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുൻ ബാക്കി | ലഭിച്ച തുക | പ്രൊജക്ടിന്റെ നം,പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | | 2100000 | ലൈഫ് മിഷൻ-ഭവനരഹിതർക്ക് ഭവനം(പ്രൊജക്ട് നം 71/23) | 210000 | 0 |
| | | 190000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (പ്രൊജക്ട് നം 92/23) | 190000 | 0 |
| | | 425000 | നെല്ല് സ്ഥിരം കൃഷിക്ക് ആനുകൂല്യം (പ്രൊജക്ട് നം 156/23) | 425000 | |
| | | 215987 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 215987 | |
| | | 400000 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 400000 | |
| | | 30000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് -പട്ടിക ജാതി(പ്രൊജക്ട് നം 93/23) | 30000 | 0 |
| ആകെ | | 3360987 | | 3360987 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | | 616017 | ലൈഫ് മിഷൻ-ഭവനരഹിതർക്ക് ഭവനം(പ്രൊജക്ട് നം 71/23) | 616017 | 0 |
| | | 570000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (പ്രൊജക്ട് നം 92/23) | 570000 | 0 |
| | | 238370 | മുട്ടക്കോഴി വളർത്തൽ ജനറൽ (പ്രൊജക്ട് നം 96/23) | 238370 | |
| | | 200000 | നെല്ല് സ്ഥിരം കൃഷിക്ക് ആനുകൂല്യം (പ്രൊജക്ട് നം 156/23) | 200000 | |
| | | 240000 | ലൈഫ് ഭവന നിർമ്മാണം ജനറൽ (പ്രൊജക്ട് നം 220/23) | 240000 | |
| | | 425000 | നെല്ല്-സ്ഥിരം കൃഷിക്ക് ആനുകൂല്യം(129/23) | 425000 | |
| ആകെ | | 2289387 | | 2289387 | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ | പ്രവൃത്തിയുടെ | ബിൽ/വൗച്ചർ നം. | മുൻകൂർ | ചെലവഴി | പൂർത്തീ | ചെലവഴിക്കാൻ |
|---|---|---|---|---|---|---|

| ഏജൻസി | പേര് | | നൽകിയ തുക | ച്ച തുക | കരണ വിവരം | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KSEB ഇലക്ട്രിക്കൽ സെക്ഷൻ പുലാമന്തോൾ | പുതുമനപ്പടി കുറ്റിക്കാട് തോട് ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ് (S0152/2023) | 22200441/12-10-2022 | 18190 | 0 | വിനിയോഗ വിവരംലഭ്യമാക്കിയിട്ടില്ല | 18190 |
| അനർട്ട്, മലപ്പുറം | മല്ലിശ്ശേരി അംഗൻവാടി സോളാർ പ്ലാന്റ് സ്ഥാപിക്കൽ (S0191/2023) | 22200791/28-02-2023 | 220000 | 0 | വിനിയോഗ വിവരംലഭ്യമാക്കിയിട്ടില്ല | 220000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു -

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | തൻവർഷം ലഭ്യമായ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ ഭവന പദ്ധതി | 53/2021 /18-02-2021 | 20673200 | 6123999 | 2270508 | 0 | 24526691 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷത്തെ വരവ് 281695 രൂപയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു -

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2019-20 | 1-17<br>1-14(എ)<br>1-14(എ) | 5580<br>2500<br>3300 | ശ്രീ. പ്രിജേഷ് വാര്യർ, പുളിങ്കാവ് വാര്യം | 1220100613/16-06-2022<br>1220100546/10-06-2022<br>1220100646/18-06-2022 |

| | | | | |
|---|---|---|---|---|
| | 1-12<br>1-12 | 146842<br>26924 | ഹിൽടോപ്പ് പബ്ലിക് സ്കൂൾ, കുന്നക്കാവ്<br>എം.ഐ.സി സ്കൂൾ, ചെറുകര<br>ശ്രീ. മുഹമ്മദ് മുസ്തഫ, കുളാപറമ്പിൽ<br>ശ്രീ. ഇബ്രാഹീം കുളാപറമ്പിൽ | 1220100859/04-07-2022<br>1220102071/11-11-2022 |
| 2020-21 | 1-12(എ)<br>1-12(എ)<br>1-13<br>1-13 | 2500<br>2950<br>7121<br>6344 | ഹിൽടോപ്പ് പബ്ലിക് സ്കൂൾ, കുന്നക്കാവ്<br>എം.ഐ.സി സ്കൂൾ, ചെറുകര<br>ശ്രീ. മുഹമ്മദ് മുസ്തഫ, കുളാപറമ്പിൽ<br>ശ്രീ. മുഹമ്മദ് മുസ്തഫ, കുളാപറമ്പിൽ | 1220100547/10-06-2022<br>1220100/18-06-2022<br>1220100/01-06-2022<br>1220100/01-06-2022 |
| 2020-21 | 1-13 | 8870<br>10986<br>40984<br>16794 | ശ്രീ. ഇബ്രാഹീം കുളാപറമ്പിൽ | 1220102071/11-11-2022 |
| | ആകെ | 281695 | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിററ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിററ് നിയമം 23 -ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളിൽ തീർപ്പാക്കാനവശേഷിക്കുന്നവയുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 2-1 | 2006-07 | | മരാമത്ത് | നടപടി തുടരുന്നു |
| 2009-10,2010-11 | 3.15 | 2012-13 | | ലഘു അവലോകനം-ദുരിതാശ്വാസനിധി | നടപടി തുടരുന്നു |
| 2014-15 | 2-1,2-2 | 2016-17 | 2-1 | തൊഴിൽ നികുതി അപാകതകൾ | നടപടി തുടരുന്നു |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 2008-09 | 3-3 | സി.വി.കൃഷ്ണകുമാർ, സെക്രട്ടറി, | Lf 2643 / Sp Cell/ Sc/d1/12/ Dtd 31.10.14 | 23723 | 0 | 0 | 0 | 0 | 0 | 23723 | - |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പടെ) | 9,03,38,950 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,85,21,475 |
| വരവിനങ്ങളിലുള്ള നഷ്ടം | ---- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ----- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1480768 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 238190 | ശ്രീമതി. ജയശ്രീ എസ് , സെക്രട്ടറി |
| 1-17 | 484080 | ശ്രീമതി. ജയശ്രീ എസ് , സെക്രട്ടറി |
| 1-21 | 260000 | ശ്രീമതി. സരള കെ., ഹെഡ്മിസ്ട്രസ്സ് |
| 1-22 | 498498 | ശ്രീമതി. സരള കെ., ഹെഡ്മിസ്ട്രസ്സ് |
| ആകെ | 1480768 | |

സ) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1975-76 | എൽ.എഫ്.എം.3/1931/76 തിയ്യതി : 18.9.2010 | 6 |
| 1992-1993,1993-1994 1994-1995 | എൽ.എഫ്.എം.07/1012/97തിയ്യതി : 18.9.2010 | 6 |
| 1998-99 | കെ.എസ്.എ.എം.പി.എം11/2067/19(4) തിയ്യതി : 17.12.2022 | 1 |
| 2001-02 | കെ.എസ്.എ.എം.പി.എം11/2067/19(6) തിയ്യതി : 17.12.2022 | 1 |
| 2002-03 | കെ.എസ്.എ.എം.പി.എം11/2067/19(7) തിയ്യതി : 17.12.2022 | 2 |
| 2005-06(ചെലവ്) | കെ.എസ്.എ.എം.പി.എം11/2067/19(10) തിയ്യതി : 17.12.2022 | 5 |
| 2007-08 | കെ.എസ്.എ.എം.പി.എം11/2067/19(13) തിയ്യതി : 17.12.2022 | 2 |
| 2008-09 | കെ.എസ്.എ.എം.പി.എം11/2067/19(14) തിയ്യതി : 17.12.2022 | 2 |
| 2009-10,2010-11 | കെ.എസ്.എ.എം.പി.എം11/2067/19(15) തിയ്യതി : 17.12.2022 | 6 |
| 2011-12,2012-13 | കെ.എസ്.എ.എം.പി.എം-11/1952/15 തിയ്യതി :3.02.16 | 24 |
| 2013-14 2014-15 | കെ.എസ്.എ.എം.പി.എം-11/1528/18 തിയ്യതി :29.08.18 | 22 |
| 2015-16 | കെ.എസ്.എ.എം.പി.എം11/3265/16/ തിയ്യതി :17.2.18 | 14 |
| 2016-17 | കെ.എസ്.എ.എം.പി.എം11/2390/17- തിയ്യതി :27.6.2018 | 8 |
| 2017-18 | കെ.എസ്.എ.എം.പി.എം-11/1946 /18തിയ്യതി :11.2.19 | 11 |
| 2018-19 | കെ.എസ്.എ.എം.പി.എം-11/419/2020 തിയ്യതി : 27-11-2020 | 21 |
| 2019-20 | കെ.എസ്.എ.എം.പി.എം-11/2142/22 തിയ്യതി : 16.3-2022 | 12 |
| 2020-21 | കെ.എസ്.എ.എം.പി.എം-11/2143/22 തിയ്യതി : 16.3.22 | 9 |
| 2021-22 | കെ.എസ്.എ.എം.പി.എം-11/2776/2022 | 17 |

ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

എം.എ.8/2023

# Annexure 1

# Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 27-06-2023 and submitted on 01-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Elamkulam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Elamkulam Grama Panchayat for the year 2022-2023

Date: 06/10/2023

Deputy Director
District Office Malappuram
Kerala State Audit Department

## Audit Report appended to the Audit Certificate of Elamkulam Grama Panchayat for the Year 2022-2023.

**1.Major Observations**

Nil

**2.Other Observations**

1.Ratios asper rule 62(2)(f) and comparative amounts of the previous year asper rule 62(3) of the Kerala Panchayath Raj (Accounts)Rules,2011 are not included in AFS.
2. Net increase /decrease in cashflow statement is Rs. 12815568/- and difference between the opening and closing balance of cash and cash equivalents is 67643958/-. But these are not compatible.

3. Reconceliation statement of SBI e-payment Account shows a debit of 9865 on 31.3.2023. But the payment did not included in Bank book.
4. D-C-B abstract of Traders Proffession Tax was not prepared.
5.Asset Register is not updated.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ ഏലംകുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്